## അക്രമം. തുടർച്ച.......... ശാശ്വതപരിഹാരം

ക്രൗഞ്ചമിധുനങ്ങളിലൊന്ന് വേടന്റെ അമ്പിൽ കുരുങ്ങി പിടഞ്ഞപ്പോൾ ഉയർന്ന അജ്ഞയും രോദനവുമാണ് ആദിമകവിയെ സൃഷ്ടിച്ചത്. കൊല്ലാൻ ത്വരപൂണ്ടുനിൽക്കുന്ന മനുഷ്യന്റെ പ്രേരണയോടുള്ള പ്രതികരണങ്ങളോ പ്രതിവിധികളോ ആണ് ഈ ഭൂമിയെ നിലനിർത്തുന്നതെന്നതിൽ സംശയിക്കേണ്ട. അതുകൊണ്ടുതന്നെ കൊലപാതകങ്ങൾക്കും ക്രൂരതകൾക്കുമെതിരെയുള്ള പ്രതിരോധങ്ങൾ ശരിയായ ദിശയിൽ സാധ്യമാകേണ്ടത് ഭൂമിയുടെ, മനുഷ്യന്റെ, മുഴുവൻ ജീവജാലങ്ങളുടെ തന്നെയും നിലനിൽപിനാവശ്യമാണ്. ഓരോ കൊലപാതകങ്ങളും അരങ്ങേറുമ്പോൾ അതതു രാഷ്ട്രീയക്കാരോ വിഭാഗക്കാരോ ഉയർത്തിക്കൊണ്ടുവരുന്ന പ്രതിക്ഷേധങ്ങൾക്ക് എത്രമാത്രം ശക്തിയുണ്ടാവും. പ്രതിക്ഷേധിച്ചവരും പ്രമേയമിറക്കിയവരും സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിപ്പോയതിനുശേഷം മറ്റൊരു അറുകൊല ഉണ്ടാകുന്നതുവരെ എല്ലാം സ്വസ്ഥം സമാധാനം. ഇരകളുടെ കുടുംബങ്ങളുടെ മാത്രം ഉണങ്ങാത്ത കണ്ണീരിനുമുമ്പിൽ മറ്റുള്ളവർക്കത് ഒരു ദിവസത്തെ രക്തസാഷി അനുസ്മരണത്തിൽനിന്ന് പ്രചോദനം എറ്റുവാങ്ങുവാനുള്ള അവസരം അല്ലങ്കിൽ മറ്റൊരു അമ്മയേയും അച്ഛനേയും നിരാലംബരാക്കാനുള്ള ഭാര്യയെ വിധവയാക്കാനുള്ള കുട്ടികളെ അനാധരാക്കാനുള്ള ശക്തിപ്രകടനം നടത്തുവാൻതക്ക സാധ്യത. ഇതിനുമപ്പുറം നമുക്കിടയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടാക്കുന്ന മാനവും പ്രതികരണങ്ങളുമെന്താണ്? അതുകൊണ്ട് തന്നെയാണ് കൊല്ലപ്പെട്ടതിന്റേയും കൊന്നതിന്റേയും കണക്കുകൾ നിരത്തി മൈതാനപ്രസംഗം നടത്തുവാൻപോലും തന്റേടത്തിലേയ്ക്ക് നമ്മുടെ രാഷ്ട്രീയ നേതൃത്വം അധപതിച്ചിരിക്കുന്നത്. ആയതിനാൽ തന്നെ ഇതിനുള്ള പ്രതിവിധി ശാശ്വതമാകേണ്ടിയിരിക്കുന്നു. അതിന് മനുഷ്യൻ അവനെതന്നെ മനസ്സിലാക്കുകയാണ് വേണ്ടത്.

മനുഷ്യന്റെ ക്രൂരതയുടെ മുഖം മറ്റേതുവികാരം പോലെ തന്നെയോ അതിലേറെയോ ശക്തമാണെന്ന് ചരിത്രം നമ്മെ പഠിപ്പിക്കും. അതുകൊണ്ട് തന്നെയാണ് മനുഷ്യചരിത്രത്തിന്റെ ഏറിയപങ്കും യുദ്ധങ്ങളുടെ പാഠപുസ്തകങ്ങളായി മാറിയത്. പരസ്പരം കൊല്ലാനൊരുങ്ങിനിൽക്കുന്ന മനുഷ്യമനസ് സ്നേഹമെന്ന ഉദാത്തവികാരത്തിന്റെ മഹത്തായ ആനന്ദം അനുഭവിക്കാൻ കഴിയാത്ത വിധം കലുഷിതമായിരിക്കും. അനുകമ്പയെന്ന വെളിച്ചം കടന്നുകയറാൻ കഴിയാത്തവിധം അടഞ്ഞ മനസ്സിൽ കൂരിരുട്ട് തിങ്ങിനിൽക്കും. മനോഹരമായതൊന്നും കണ്ണിൽ പതിയാത്തവിധം കാഴ്ച മങ്ങിയിരിക്കും. അവന് അച്ഛനേയോ അമ്മയേയോ സഹോദരങ്ങളേയോ മക്കളേയോ തിരിച്ചറിയാനാവാതെ പോകും. ഇത് മനുഷ്യന്റെ ആദിചരിത്രമാണ്. ഇതിന് പ്രതിവിധിയായിട്ടാണ് മതങ്ങൾ കടന്നുവന്നത്. തൂണിലും തുരുമ്പിലും ദൈവത്തെ കാണുന്നവന് ഒന്നിനേയും ഇല്ലാതാക്കാൻ കഴിയില്ല. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിച്ചാൽ നിനക്കുമാത്രമല്ല നിന്റെ അയൽക്കാരനും സമൃധിയും സമാധാനവും ഉണ്ടാവും. മനുഷ്യന്റെ മനുഷ്യത്വമില്ലായ്മയ്ക്ക് പകരം നിന്നവയാണ്

മതങ്ങൾ. ബോധപൂർവ്വമായി അവയ്ക്കുനേരെയുള്ള അതിക്രമങ്ങളും ബോധപൂർവ്വമല്ലാത്ത അവഗണനയും ഈ ആധുനികയുഗത്തിലും മനുഷ്യനെ പ്രാകൃതയുഗത്തിലേയ്ക്കെത്തിച്ചിരിക്കുന്നു എന്നതിന്റെ കൂടി ഓർമ്മപ്പെടുത്തലാണ് ഇവിടെ നടമാടുന്ന എല്ലാ കൊലപാതകങ്ങളും ക്രൂരതകളും. ഒന്നോർക്കുക നിങ്ങൾ എത്രമാത്രം വൃത്തിയുള്ള വെള്ളവസ്ത്രങ്ങളണിഞ്ഞാലും നിങ്ങളുടെ മനസ്സ് കറുപ്പാണങ്കിൽ നിങ്ങൾ പ്രാകൃതനാണ്. നിങ്ങൾക്ക് എത്ര മനോഹരമായി മറ്റുള്ളവരുമായി ഇടപെടാൻ കഴിഞ്ഞാലും നിങ്ങളെ നയിക്കുന്ന വികാരം സ്നേഹമല്ലങ്കിൽ സംശയം വേണ്ട ആധുനിക യുഗത്തിലെ പ്രാകൃതനായ മനുഷ്യനാണ് നിങ്ങൾ. ഒന്നോർക്കുക ഏതുയുഗത്തിലും മനുഷ്യന് ആട ആഭരണങ്ങളിലും ജീവിതസാഹചര്യങ്ങളിലും മാത്രമേ വ്യത്യാസം വരുന്നുള്ളൂ. ആത്യന്തികമായി അവൻ മനുഷ്യനാണ്. അതുകൊണ്ട് തന്നെ അവന്റെ കണ്ണുകളിൽ കാഴ്ചകൾ നിറയാൻ, തിരിച്ചറിവുണ്ടാവാൻ, സ്നേഹമെന്ന ജീവരക്തം അവനിലേയ്ക്ക് പകരാൻ മതങ്ങളുടെ മൂല്യങ്ങൾ നമുക്ക് തിരിച്ചു പിടിക്കേണ്ടിയിരിക്കുന്നു. മാത്രവുമല്ല നമ്മുടെ സംസ്കാരത്തിന്റെ നല്ല വശങ്ങളേയും നാം ജീവിതത്തിൽ പകർത്തേണ്ടിയിരിക്കുന്നു.

ഏതൊരു ഇന്ത്യാക്കാരനും ഏറെ അഭിമാനിക്കാൻ വകനൽകുന്ന ഒരു ഗുണമാണ് നമ്മുടെ നാനാത്വത്തിൽ ഏകത്വം. ഇത്രയേറെ സംസ്കാരിക വൈവിധ്യം ഒരു രാജ്യത്തിനുള്ളിൽ നിലനിൽക്കുന്നുവെന്ന് നേരിട്ട് ബോധ്യപ്പെടാതെ ആർക്കാണ് വിശ്വസിക്കാനാവുക. ഭാഷയുടെ വൈവിധ്യം നമ്മുടെ ഐക്യത്തെ ഒരു ഘട്ടത്തിലും ബാധിക്കുന്നില്ല. വസ്ത്രം മുതൽ ഭക്ഷണം വരെയുള്ള നമ്മുടെ വ്യത്യസ്തതകൾ നമ്മിലൊരിക്കലും വേർതിരുവുകൾ സൃഷ്ടിക്കുന്നില്ല. സഹിഷ്ണുതയുടെ അമൂർത്തവും അനുകരണീയവുമായ ഭാവമാണ് ഇന്ത്യ ഒരു രാജ്യം കാലങ്ങളായി വലിയ ആഭ്യന്തരപ്രശ്നങ്ങളൊന്നുമില്ലാതെ നിലനിൽക്കുകവഴി പകർന്നു നൽകുന്നത്. ഇത്രയേറെ വൈവിധ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കാലങ്ങളായി നാമിവിടെ മാതൃകാപരമായി ജീവിക്കുമ്പോൾ എങ്ങിനെയാണ് ഒരാശയത്തെ തകർക്കാൻ നമുക്ക് മറ്റൊരാളെ ഇല്ലാതാക്കാൻ കഴിയുക. മറ്റൊരുവന്റെ പ്രവൃത്തിയിൽ അസഹുഷ്ണതയുള്ളവനാകാൻ കഴിയുക. വേറൊരാളെ ഉപദ്രവിക്കുന്ന പ്രവൃത്തികളിലേർപ്പെടാൻ കഴിയുക. കൊലവിളി നടത്തുവാൻ ഒരുങ്ങുക. അങ്ങനെ സംഭവിക്കുകവഴി ഇവിടെ നാം നമ്മുടെ സംസ്കാരത്തെ മറക്കുകയും വൃണപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇത് നമുക്ക് അപമാനമാണെന്ന് മാത്രമല്ല നമ്മുടെ സംസ്കാരത്തിന്റെ ആപൽക്കരമായ വിസ്മരിക്കൽകൂടിയാണ്.

നമ്മുടെ ഈ സംസ്കാരത്തിന്റെ പൈതൃകമായിത്തന്നെ വേണം രക്തരഹിതമായ ഒരു സ്വാതന്ത്ര്യലബ്ധിയിലേക്ക് ഇന്ത്യയെ നയിക്കാൻ മഹാത്മാഗാന്ധിക്ക് കഴിഞ്ഞത്. ഹിംസാമാർഗങ്ങൾക്കെതിരായി അഹിംസ സിദ്ധാന്തത്തിലൂടെ അദ്ദേഹം അവതരിപ്പിച്ച സമരമാർഗങ്ങൾ ഇന്ന് ഇവിടുത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഏറെ പ്രിയപ്പെട്ടതാണ്. അതുകൊണ്ടാണ് കവലകളായ കവലകളിലെല്ലാം പല പല ആവശ്യങ്ങൾക്കായി സത്യാ

ഗ്രഹ ബോർഡുകൾ നിരക്കുന്നത്. എന്നുകരുതി മഹാൽമാവിനെ നെഞ്ചിലേറ്റുവാൻ ആരെങ്കിലും എവിടെ തയ്യാറാകുമെന്ന് കരുതുകയും വേണ്ട. ഇന്ന് എല്ലാ മനുഷ്യരുടേയും മനസിൽ മഹാത്മാഗാന്ധിയുണ്ടന്നതിൽ എനിക്ക് സംശയമില്ല. അത് അവർ ഏറെ സ്നേഹിക്കുന്ന കറൻസിനോട്ടുകൾ മനസിൽ തെളിയുമ്പോഴാണ് സംഭവിക്കുന്നതെന്നുമാത്രം. മനുഷ്യൻ പണത്തെ സ്നേഹിക്കുകയും അതിലൂടെ ഗാന്ധിജിയെ കാണുകയും ചെയ്യുന്ന അവസ്ഥ നമ്മുടെ സാംസ്കാരിക അധപ്പതനത്തിനുള്ള വഴി തെളിച്ചു എന്നതിൽ സംശയം വേണ്ട. ഇനിയൊരു തലമുറ മജ്ജയും മാംസമുള്ള ഒരു മനുഷ്യൻ ഇങ്ങനെ ജീവിച്ചിരുന്നു എന്ന് അത്ഭുതപ്പെടുമെന്ന പാശ്ചാത്യന്റെ വാക്കുകളെ നമ്മൾ പുനർനിർമ്മിക്കുകയാണ് വേണ്ടത്. ആ മനുഷ്യൻ നടന്ന പാതയിലൂടെ നമുക്ക് നടക്കാനാവുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യസ്നേഹിയാവുന്നത്. ഭാരതീയനാവുന്നത്.

നാം ഒന്നു മനസിലാക്കുക. ഇവിടെ ഓരോ കൊലപാതകങ്ങൾക്കും ഒടുവിൽ കലുഷിതമായ സമൂഹം പൊട്ടിത്തെറിച്ചും, പ്രതിരോധിച്ചും ശാന്തമാകും, പിന്നീട് പുതിയതൊന്നു സംഭവിക്കും. തീരാനഷ്ടം സംഭവിച്ചവർമാത്രം വേദനയുടെ തീകനലിനെ ഉള്ളിൽ വഹിച്ച് ജീവിക്കും. നാം മറക്കാതിരിക്കേണ്ടത് നാളെ ഇത് നമുക്കോ നമ്മുടെ കുടുംബത്തിനോ സംഭവിച്ചുകൂടന്നില്ല എന്നുള്ളതാണ്. ശത്രുവിനെ വകവരുത്തിയവന്റെ പ്രതികാരമോ, എതിരാളിക്കുനേരെ ഓട്ട് നേടാൻ അവസരമൊത്ത സന്തോഷമോ, സാംസ്കാരിക നായകന്മാരുടെ ധാർമികക്ഷമോ ഒന്നും ഇനിയും ഇവിടെ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ തക്ക ശക്തമല്ല. അതിനായി നാം ശാശ്വതപരിഹാരം തന്നെ കണ്ടെത്തണം. അത് നാം നമ്മിൽനിന്ന് തന്നെ കണ്ടെത്തണം. അതിനായി നമ്മുടെ മതങ്ങളുടേയും സംസ്കാരത്തിന്റേയും മൂല്യങ്ങളെ തിരിച്ചുപിടിക്കുകയും ജീവിതത്തിൽ പകർത്തുകയും വേണം. മനുഷ്യൻ തൂണിലും തുരുമ്പിലും ദൈവത്തെകാണുന്ന, നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുന്ന കാലത്തനായി നമുക്ക് പ്രാർത്ഥിക്കാം... കാത്തിരിക്കാം....

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ